LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

47 (5182) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിന് നിലവിൽ പരിഗണിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെ ;

(ബി) നിലവിലുള്ള രീതിയെക്കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിക്കുകയുണ്ടായോ ; എങ്കിൽ പ്രസ്തുത പരാതികൾ പരിശോധിക്കുകയുണ്ടായോ ;

(സി) അവാർഡിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) എല്ലാ വർഷവും ജൂൺ മാസത്തിൽ പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം കൊടുക്കുന്നു. എല്ലാ ജില്ലകളിലും കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഹെഡ്ക്വാർട്ടേഴ്സ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒരു വിദ്യാഭ്യാസ വിചക്ഷണൻ എന്നിവർ അടങ്ങിയ കമ്മിറ്റി ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് മുൻഗണനാക്രമത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്നു. പ്രൈമറി -സെക്കന്ററി അദ്ധ്യാപകർക്ക് പ്രത്യേകം പ്രൊപ്പോസലുകൾ സ്വീകരിക്കുന്നു. ഇങ്ങനെ കിട്ടുന്ന പ്രൊപ്പോസലുകൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റി പരിശോധിച്ച് അവാർഡ് ജേതാക്കളെ പ്രഖ്യാപിക്കുന്നു.

(ബി) പരാതികൾ ലഭിച്ചിട്ടില്ല.

(സി&ഡി) പരിഗണനയിലാണ്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

എസ്.എസ്.എ.യിലെ റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

49 (5183) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ.-യിലെ റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആനുകൂല്യങ്ങൾ ഐ.ഇ.ഡി.സി.-യിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് ലഭിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ ഐ. ഇ.ഡി.സി.-യിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സർവ്വ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.സി.) യിൻകീഴിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് പ്രതിമാസം 5,870 രൂപ ഹോണറേറിയവും പരമാവധി 500 രൂപവരെ സ്ഥിരം യാത്രപ്പടിയും നൽകിവരുന്നു. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പ്രവൃത്തിപരിചയമുള്ളതും കരാർ പുതുക്കിയതുമായ റിസോഴ്സ് അദ്ധ്യാപികമാർക്ക് മൂന്നുമാസത്തെ ശമ്പളത്തോടുകൂടിയ പ്രസവാവധിയും അനുവദിക്കുന്നു. കോൺട്രാക്ട് കാലയളവിൽ (ഏപ്രിൽ മുതൽ മാർച്ച് വരെ) 20 ആകസ്മിക അവധിയും അർഹതയനുസരിച്ച് 20 ദിവസത്തെ ആർജ്ജിത അവധി സറണ്ടർ ആനുകൂല്യവും നൽകുന്നു.

(ബി) ഉപചോദ്യം 'എ'യുടെ ഉത്തരത്തിൽ വിശദമാക്കിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഐ.ഇ.ഡി.സി. പദ്ധതിയിൻകീഴിൽ കരാർ അടിസ്ഥാനത്തിൽ എസ്.എസ്.എ.യിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകർക്കാണ് നൽകിവരുന്നത്.

(സി) ബാധകമല്ല.

ഇംഗ്ലീഷ് അദ്ധ്യാപക നിയമനം

49 (5184) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകളിൽ കുറഞ്ഞത് അഞ്ച് ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമേ ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ എന്ന വ്യവസ്ഥമൂലം സംസ്ഥാനത്തെ സർക്കാർ സ്ക്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ അന്യമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ബി) മലയാളം, ഹിന്ദി എന്നീ തസ്തികകളിൽ നിയമനം നടത്തുന്ന രീതിയിൽത്തന്നെ സർക്കാർ സ്കൂളുകളിൽ ഇംഗ്ലീഷ് തസ്തികയും സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. 7-1-2002-ലെ ജി.ഒ. (എം എസ്.)11/2002/ജി. എഡ്യൂ. ഉത്തരവ് പ്രകാരമാണ് ഇംഗ്ലീഷിന് പുതിയ തസ്തിക സൃഷ്ടിച്ചത്. അതിന് മുമ്പ് എച്ച്.എസ്.എ. കോർ വിഷയങ്ങളിലെ അദ്ധ്യാപകരാണ് ഇംഗ്ലീഷ് ഭാഷ

LIBRARY ARCHIVES Kerala Legislative Assembly